# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം</u>

6075 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിനെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 90 കി.മി ചുറ്റളവിലുള്ള ഹൈറേഞ്ച് പ്രദേശങ്ങളും എട്ട് പോലീസ് സ്റ്റേഷനുകളും പ്രവർത്തന പരിധിയിൽ ഉൾക്കൊള്ളുന്ന ചാലക്കുടി എക്സൈസ് റേഞ്ചിന്റെ വ്യാപ്തിയും പ്രാധാന്യവും കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയോഗിക്കാനും കൂടുതൽ വാഹനങ്ങൾ അടക്കമുള്ള സൗകര്യങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത</u>

6076 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിവരുന്നത്;

(ബി) ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വയർലെസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്താൻ നടപടി എടുക്കുമോ;

(ഡി) ഇതിനായി എന്തു തുക ചെലവുവരും എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ

6077 ശ്രീ. ഹൈബി ഈഡൻ
'' എ. റ്റി. ജോർജ്
'' പി. സി. വിഷ്ണുനാഥ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള അബ്കാരി കേസ്സുകൾ, പ്രതികൾ എന്നിവ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ എക്സൈസ് വകുപ്പിൽ ലഭ്യമാണോ ;

(ബി) ഇല്ലെങ്കിൽ ഇതിന് എന്തു പരിഹാര മാർഗ്ഗമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി സംസ്ഥാന തലത്തിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ സ്ഥാപിക്കുമോ ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് ബ്യൂറോ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

**എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന നേട്ടങ്ങൾ**

6078 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ്, സ്പിരിറ്റ് എന്നിവ സംബന്ധിച്ചുള്ള പ്രമുഖ കേസ്സുകൾ അന്വേഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിന്റെ ഫലമായി എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിലെ റവന്യൂ പിരിവ്</u>

6079 ശ്രീ. വി.റ്റി. ബൽറാം
,, ഐ.സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ റവന്യൂ പിരിവ് ശക്തമാക്കാൻ ഏതെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി ലൈസൻസ് ഫീ, പെർമിറ്റ് ഫീ , എന്നിവ ഓൺലൈനായി സ്വീകരിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ;

(സി) എക്സൈസ് വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം സമയബന്ധിതമായി നടപ്പാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ</u>

6080 ശ്രീ. എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ എക്സൈസ് വകുപ്പ് എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ദിനത്തിൽ ലഹരിവിരുദ്ധ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുമോ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും ലഹരിവിരുദ്ധ ക്ലബ്ബുകൾക്കും അവാർഡുകൾ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അബ്കാരി കേസുകളിൽ പിടിയിലായവരുടെ വിവരങ്ങൾ</u>

6081 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് ഉൾപ്പെടെ റേഞ്ച് ഓഫീസുകളിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) അബ്കാരി കേസുകളിൽ പിടിയിലായവർക്ക് വീണ്ടും ലൈസൻസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇങ്ങനെ ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ;

(സി) കേസിൽപെട്ട്, ലൈസൻസ് വീണ്ടും ലഭിച്ച കോഴിക്കോട് ജില്ലയിലുളളവരുടെ പട്ടിക ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കള്ള് ചെത്തു വ്യവസായത്തെ സംരക്ഷിക്കാൻ നടപടി</u>

6082 ശ്രീ. എ. റ്റി. ജോർജ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്തു വ്യവസായത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് ഏതെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കള്ള് ചെത്ത് തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഈ സർക്കാർ എത്ര തുക കൂടുതലായി അനുവദിക്കുകയുണ്ടായി ;

(ഡി) സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന കള്ളു ഷാപ്പുകൾ തുറക്കാൻ നടപടി എടുക്കുമോ ;

(ഇ) ഇങ്ങനെ തുറക്കാൻ ഉദ്ദേശിക്കുന്ന ഷാപ്പുകളിൽ വ്യാജകള്ള് വിൽക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ചെത്തുതൊഴിലാളികൾക്ക് സാമ്പത്തിക സഹായം

6083 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നിലവിൽ എത്ര കള്ള് ഷാപ്പുകൾ അടച്ച് പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കള്ള് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(സി) കള്ള് ഷാപ്പുകൾ തുറക്കാത്തതുമൂലം ചെത്ത് തൊഴിലാളികൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യം കണക്കിലെടുത്ത് ചെത്തുതൊഴിലാളികൾക്ക് 10000 രൂപയുടെ പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കളള്ഷാപ്പുകൾ</u>

6084 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലൈസൻസുളള എത്ര കളള്ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഷാപ്പുകളുടെ ലേലമാണ് ഈ വർഷം നടന്നതെന്നും, ലേലം പോകാത്ത ഷാപ്പുകൾ എത്രയെന്നും റേഞ്ച് തിരിച്ചുളള കണക്ക് നൽകാൻ കഴിയുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ നഷ്ടപ്പെട്ട കള്ളുഷാപ്പ് തൊഴിലാളികൾ</u>

6085

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലേലം പോകാത്ത കള്ളുഷാപ്പുകളിൽ നിന്നും ഈ വർഷം തൊഴിൽ നഷ്ടപ്പെട്ട എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ; റേഞ്ച് തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ സംരക്ഷണത്തിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

തെങ്ങു ചെത്തുന്നതിനു നൽകുന്ന പ്രതിഫലം

6086 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്തുന്നതിന് കൃഷിക്കാരിൽ നിന്ന് തെങ്ങുകൾ വാങ്ങുന്നതിൽ തെങ്ങൊന്നിന് എത്ര രൂപയാണ് പ്രതിഫലം നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) തെങ്ങൊന്നിന് നിശ്ചിത പ്രതിഫലം കൃഷിക്കാരന് നൽകിയിരിക്കണമെന്ന് എക്സൈസ് നിയമത്തിലോ സർക്കാർ ഉത്തരവുകളിലോ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കൃഷിക്കാർക്ക് മെച്ചപ്പെട്ട പ്രതിഫലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

## പുതിയ ബാര്‍ ഹോട്ടല്‍

6087 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊണ്ടോട്ടി ടൗണിലെ ബൈപ്പാസില്‍ പുതിയ ബാര്‍ ഹോട്ടല്‍ തുടങ്ങുന്നതിന് ആരെങ്കിലും അപേക്ഷ നല്‍കിയിട്ടുണ്ടോ;

(ബി) ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സമീപം ബാര്‍ ഹോട്ടല്‍ തുടങ്ങുന്നതിനെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകള്‍ എന്തെല്ലാമാണ്; ഇവിടെ ബാര്‍ ആരംഭിക്കുന്നതിന് അനുമതി നല്‍കുന്നതിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇവിടെ ബാര്‍ തുടങ്ങുന്നതിനുള്ള അനുമതി നല്‍കുന്നതില്‍ നിന്നും പിന്‍തിരിയാന്‍ ബന്ധപ്പെട്ടവര്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

എഫ്. എൽ -1 ഷോപ്പുകൾ

6088 ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതകളുടെയും മറ്റുപ്രധാന റോഡുകളുടെയും ഓരത്തും ജംഗ്ഷനുകളിലും പ്രവർത്തിക്കുന്ന എഫ്. എൽ - 1 ഷോപ്പുകൾ ഗതാഗത ക്കുരുക്കുകൾ ഉൾപ്പെടെ വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ഇത്തരം ഷോപ്പുകൾ പുതിയ കെട്ടിടങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ ബോധവല്‍ക്കരണവും എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരണവും</u>

6089 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി ബോധവത്ക്കരണ പ്രവര്‍ത്തനങ്ങള്‍ നടത്തുന്നതിന് എക്സൈസ് വകുപ്പ് രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്ന ബോധവത്ക്കരണ വിഭാഗത്തിന്റെ ഘടനയെന്താണെന്നു വിശദമാക്കുമോ; ഉടനെ പ്രസ്തുത വിംഗ് രൂപീകരിക്കുമോ;

(ബി) പോലീസ് സേനയിലെപ്പോലെ അബ്കാരി കേസുകള്‍ അന്വേഷിക്കുന്നതിനു വേണ്ടി എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരിക്കാനുള്ള നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മദ്യനിരോധനം</u>

6090 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രാദേശിക തലത്തിൽ മദ്യനിരോധനം ഏർപ്പെടുത്തുന്നതിന് അധികാരം നല്കുന്ന പഞ്ചായത്ത് ആക്റ്റിലുണ്ടായിരുന്ന വകുപ്പുകൾ പുനഃ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വ്യാജമദ്യം തടയുന്നതിനായി ജനകീയ കമ്മിറ്റികള്‍</u>

6091 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയുന്നതിന് രൂപീകരിച്ച ജനകീയ കമ്മിറ്റികള്‍ വിളിച്ചു ചേര്‍ക്കുമ്പോള്‍ ട്രേഡ് യൂണിയന്‍ പ്രതിനിധികളെ പരിഗണിക്കാറില്ല എന്ന് പരാതി ഉയര്‍ന്നുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ തലത്തില്‍ ചേരുന്ന ജനകീയ കമ്മിറ്റി തീരുമാനങ്ങള്‍ സര്‍ക്കാര്‍ തലത്തില്‍ മോണിറ്റര്‍ ചെയ്യുന്നുണ്ടോ ; ഇത് ട്രേഡ് യൂണിയന്‍ പ്രതിനിധികള്‍ക്ക് അറിയിപ്പായി നല്‍കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പുതിയ മദ്യവില്പനശാലകൾ</u>

6092 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം വിൽക്കുന്നവർക്കെതിരെ ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റുചെയ്തിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ മദ്യവില്പനശാലകൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മയക്കുമരുന്നു വ്യാപാരം തടയാൻ നടപടി</u>

6093 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മയക്കുമരുന്നുസംഘങ്ങളുടെ പ്രവർത്തനം വ്യാപകമാകുന്നു എന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മയക്കുമരുന്നുവ്യാപാരം അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) മയക്കുമരുന്നു വ്യാപാരത്തിൽ ഉൾപ്പെട്ട് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണപ്രവർത്തനത്തിൽ വന്നതായ വീഴ്ചയെയാണോ ഇത് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇക്കാര്യം പരിശോധിച്ച് എക്സൈസ് വകുപ്പിന്റെ ഭാഗത്ത് നിന്നും ഫലപ്രദമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പുകയില ഉല്‍പ്പന്നങ്ങള്‍ വില്‍ക്കുന്നതിനെതിരെ നടപടി</u>

6094 ശ്രീ. എ.എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിരോധിക്കപ്പെട്ട പുകയില ഉല്‍പ്പന്നങ്ങള്‍ വില്‍ക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഗുരുതരമായ രോഗങ്ങള്‍ ഉണ്ടാക്കുന്ന പുകയില ഉല്‍പ്പന്നങ്ങളുടെ ഉപഭോഗം വര്‍ദ്ധിച്ചുവരുന്നത് നിയന്ത്രിക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുകയില ഉല്‍പ്പന്നങ്ങള്‍ വില്‍ക്കുന്നതിനെതിരെ കര്‍ശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>മലബാർ ഡിസ്റ്റിലറി</u>

6095 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ ഷുഗർ ഫാക്ടറി അടച്ചു പൂട്ടിയതിനെത്തുടർന്ന് രൂപീകരിച്ച മലബാർ ഡിസ്റ്റിലറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) മലബാർ ഡിസ്റ്റിലറിയുടെ കീഴിൽ മുൻസർക്കാർ ആരംഭിക്കുവാൻ തീരുമാനിച്ച ബോട്ടിലിംഗ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ആരംഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ചികോപ്സ് അടച്ചുപൂട്ടിയതിനെത്തുടർന്ന് ബീവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ച തൊഴിലാളികൾക്ക് ശമ്പള പരിഷ്ക്കരണം ഇതുവരെ നടപ്പിലാക്കാത്തതിനു കാരണം വ്യക്തമാക്കാമോ ;

(ഇ) ജീവനക്കാർക്ക് 2003 മാർച്ച് മുതൽ 2009 ജൂൺ വരെ നല്കേണ്ട ശമ്പള കുടിശ്ശിക പൂർണ്ണമായി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പുതിയ ബാറുകളും ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളും

6096 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്ലെറ്റുകൾ ആരംഭിച്ചു ;

(ബി) ദൂരപരിധിയുൾപ്പെടെയുള്ള വിഷയങ്ങളിൽ മുൻകാലങ്ങളിൽ ലൈസൻസ് നല്കാതിരുന്ന ഏതെങ്കിലും സ്ഥലങ്ങളിൽ പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ബിവറേജസ് കോര്‍പ്പറേഷനില്‍ ഡെപ്യൂട്ടേഷന്‍</u>

6097 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബിവറേജസ് കോര്‍പ്പറേഷനില്‍ ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ ജോലി നോക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപക തസ്തികയിലുള്ളവര്‍ ബിവറേജസ് കോര്‍പ്പറേഷന്റെ റീട്ടെയില്‍ ഔട്ട്ലറ്റുകളില്‍ ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ ജോലി നോക്കുന്നുണ്ടെന്നതിന്റെ ജില്ലാതല കണക്ക് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ബിവറേജസ് കോര്‍പ്പറേഷനിലെ അവധിദിനങ്ങള്‍</u>

6098 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തിരുവോണത്തിനും, സ്വാതന്ത്ര്യദിനത്തിനും ബിവറേജസ് കോര്‍പ്പറേഷന് അവധി ബാധകമാണോ ;

(ബി) ഈ വര്‍ഷം മുതല്‍ ബിവറേജസ് കോര്‍പ്പറേഷന് ഓണം - സ്വാതന്ത്ര്യദിന അവധികള്‍ നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

അനധികൃത ബാറുകളും ഷാപ്പുകളും നിർത്തലാക്കാൻ നടപടി

6099 ശ്രീ.ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതി ഉത്തരവിന്റെ സംരക്ഷണമില്ലാത്ത നിയമവിരുദ്ധ ബാറുകളും, ഷാപ്പുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇവ നിർത്തലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പരാതികൾ അറിയിക്കാൻ എക്സൈസ് വകുപ്പിൽ പൊതുഫോൺ നമ്പർ നിലവിലുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖകമ്പനിയുടെ
വാഹന ഉപയോഗം</u>

6100 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞ അന്താരാഷ്ട്ര തുറമുഖ കമ്പനിയ്ക്ക് സ്വന്തമായി എത്ര വാഹനങ്ങളുണ്ടെന്നും മാസവാടകയ്ക്ക് കമ്പനി എത്ര വാഹനങ്ങൾ എന്നു മുതൽ ഉപയോഗിക്കുന്നുവെന്നും 2009, 2010, 2011 വർഷങ്ങളിൽ ഇതിനായി എത്ര രൂപ ചെലവായെന്നും വിശദമാക്കുമോ;

(ബി) കമ്പനിയുടെ ഉദ്യോഗസ്ഥരിൽ ആർക്കൊക്കെയാണ് വാഹന ഉപയോഗം അനുവദിച്ചിട്ടുള്ളത്; വാഹനങ്ങൾ അസൈൻ ചെയ്തിട്ടുള്ളത് ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ്; വ്യക്തമാക്കുമോ;

(സി) മെക്കാനിക്കൽ റിപ്പയറിംഗിനായി ഓരോ വാഹനത്തിനും 2008 ജനുവരി മുതൽ ലഭിച്ച എസെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് വിവരങ്ങളും റിപ്പയറിംഗിന്റെ ക്ലെയിം ബില്ലും സ്ക്രൂട്ടിനൈസ്ഡ് (പെയ്ഡ് ബിൽ) ബില്ലും താരതമ്യം ചെയ്ത് നൽകുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് സ്ഥലം</u>

6101 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് എത്ര ഹെക്ടർ സ്ഥലം ആണ് കണ്ടെത്തേണ്ടത് ; ഇതിലേക്ക് ഏറ്റെടുക്കുന്ന സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിന് തടസ്സമുണ്ടോ ;

(ബി) തുറമുഖ നിർമ്മാണത്തിന്റെ ആദ്യഘട്ടം തുടങ്ങുന്ന അടിസ്ഥാന സൗകര്യവികസനങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ എന്തെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുള്ളത് ;

(ഡി) തുറമുഖ നിർമ്മാണത്തിൽ സഹകരിക്കുന്ന ഫണ്ടിംഗ് ഏജൻസി ഏതാണ് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ രണ്ടാമത്തെ കപ്പല്‍ശാല</u>

6102 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസന്‍ നായര്‍
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ രണ്ടാമത്തെ കപ്പല്‍ശാല നിലവില്‍ വരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചര്‍ച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതിന് എത്ര കോടി രൂപയുടെ നിക്ഷേപം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇതിന്റെ സാദ്ധ്യതാപഠനത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>സീമാൻ തസ്തികയിൽ നിയമനം</u>

6103 ശ്രീ. എ.എ . അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
എക്സൈസും തുറമുഖവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിലെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ എത്ര സീമാൻ തസ്തികകളാണ് നിലവിലുള്ളത് ;

(ബി) ഈ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത് ;

(സി) ഈ തസ്തികയിലേക്ക് അവസാനമായി നിയമനം നടന്നത് എന്നാണ് ;

(ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവളം - തിരുവനന്തപുരത്ത് വച്ച് ഒരു ഉന്നതതല യോഗം ചേർക്കാൻ നടപടി

6104 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വർക്ക് ഷെഡ്യൂളിന്റെ കലണ്ടർ ലഭ്യമാക്കുമോ ;

(ഇ) വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും കൂടുതൽ വേഗത കൈവരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രി, എക്സൈസ് വകുപ്പുമന്ത്രി, ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് തിരുവനന്തപുരത്ത് ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

വിമാനത്താവളങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

6105 ശ്രീ.വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിമാനയാത്രക്കാരുടെ എണ്ണം പരിഗണിച്ച് വിമാനത്താവളങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ചെറുവിമാന സർവ്വീസ് നടത്തുന്നതിന് നടപടി</u>

6106 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ചെറുവിമാനത്താവളങ്ങൾക്കായുള്ള സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം വയനാടിന്റെ ടൂറിസ്റ്റ് മേഖലയിൽ വൻ വികസനത്തിനുള്ള സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വയനാട്ടിൽ ചെറുവിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>എയർ - ടാക്സി സർവ്വീസ്</u>

6107 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയർ - ടാക്സി സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എയർ - ടാക്സി ആരംഭിക്കുന്നതിനുളള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും യോഗം വിളിച്ചുചേർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനപ്രവർത്തനങ്ങൾ</u>

6108 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ പുതുതായി എന്തെല്ലാം വികസനപ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത വികസനവുമായി ബന്ധപ്പെട്ട് ഇനിയും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം സർവ്വേ നമ്പരിൽപ്പെട്ടതാണ് എന്ന് വ്യക്തമാക്കുമോ ?